**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2780** **14-09-2023 - ൽ മറുപടിയ്ക്ക്**

**പുതിയ വ്യവസായ വാണിജ്യ നയത്തിന്റെ ഭാഗമായി ഓൺലൈൻ വിപണി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സുസ്ഥിരമായ ഒരു വ്യവസായ ആവാസ വ്യവസ്ഥ പരിപോഷിപ്പിക്കുക എന്ന പുതിയ വ്യവസായ വാണിജ്യ നയത്തിന്റെ ഭാഗമായി എന്തെല്ലാം ഓൺലൈൻ വിപണി സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കാമോ? | (എ) | ഇ-കൊമേഴ്സ് വിപണിയിയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിന് സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി താഴെ പറയുന്ന സംവിധാനങ്ങൾ സർക്കാരിന്റെ പുതിയ വ്യവസായ നയത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.<br><br>1.വിപണികളും ഇ-കൊമേഴ്സ് പ്ലാറ്റ്ഫോമുകളും പ്രയോജനപ്പെടുത്തുന്നതിനായി എം.എസ്.എം.ഇ-കൾക്ക് സൗകര്യമൊരുക്കും.<br><br>2.ഈ മേഖലയിൽ വിജ്ഞാനം പങ്കിടൽ വർദ്ധിപ്പിക്കുന്നതിന് സമർപ്പിത ശിൽപശാലകൾ സംഘടിപ്പിക്കുകയും മതിയായ വിജ്ഞാന സാമഗ്രികൾ വികസിപ്പിക്കുകയും ചെയ്യും.<br><br>നിലവിൽ വകുപ്പ് നടപ്പിലാക്കി വരുന്ന, സംരംഭകർക്കുള്ള ഇ-കൊമേഴ്സ് സേവനങ്ങൾ താഴെ പറയുന്നു.<br><br>i.Open Network for Digital Commerce (ONDC) നെറ്റ് വർക്ക് വഴി സംസ്ഥാനത്തെ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളുടെ ഉൽപ്പന്നങ്ങൾ വിപണനം ചെയ്യുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ജില്ലാ അടിസ്ഥാനത്തിൽ ഇതിന്റെ പ്രവർത്തനങ്ങൾ നടന്നു വരുന്നു.<br><br>ii.ഗവൺമെന്റ് ഇ-മാർക്കറ്റ് (GeM) പോർട്ടലിൽ രജിസ്റ്റർ ചെയ്യുന്നതിനായി സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്ക് സഹായം നൽകി വരുന്നുണ്ട്.<br><br>iii.കേരളത്തിൽ ഉൽപാദിപ്പിക്കപ്പെടുന്ന, സൂക്ഷ്മ- ചെറുകിട- ഇടത്തരം സംരംഭകരുടെ ഉൽപ്പന്നങ്ങൾക്കും വ്യവസായ വകുപ്പിന്റെ കീഴിലെ പൊതുമേഖല സ്ഥാപനങ്ങളുടെ ഉൽപ്പന്നങ്ങൾക്കുമുള്ള വിപണി ലഭ്യതയ്ക്കായി ഓൺലൈൻ വ്യാപാരത്തിനായുള്ള സംവിധാനമായി ഇ-പോർട്ടൽ (www.keralaemarket.org/www.keralaemarket.kerala.gov.in) രൂപീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ